26800572 **(Pages : 3)** **Reg. No..................................**

**Name....................................**

# FIVE YEAR B.A.,/B.Com., LL.B. (HONOURS) DEGREE EXAMINATION FEBRUARY 2026

**Fifth Semester**

FM 2—Additional Language

Paper II–MALAYALAM

(2023 Admissions–Regular/2018 to 2022 Admissions–Supplementary)

Time : Three Hours　　　　　　　　　　　　　　　　　　　　　Maximum : 75 Marks

## എ വിഭാഗം

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

1888-ൽ ശ്രീനാരായണഗുരു അരുവിപ്പുറത്ത് പ്രതിഷ്ഠ നടത്തുമ്പോഴേക്കും ഒരുപാട് ആശയങ്ങളുടെ കൂടിച്ചേരലുകൾ ഇവിടെ സംഭവിച്ചു കഴിഞ്ഞിരുന്നു. വൈദേശികാശയങ്ങളും ജീവിത രീതികളുമായി പരിചയപ്പെടാൻ അവസരം ലഭിച്ചവരെല്ലാം മറ്റൊരു തരത്തിലുള്ള ജീവിതം സാധ്യമാണെന്നറിയുകയും അങ്ങനെയുള്ള ഒരു ജീവിതത്തെ ഇവിടേക്കു കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തു. വൈദേശിക ആശയ ലോകങ്ങൾ കടന്നു വന്നപ്പോഴാണ് ഇവിടെ അടിസ്ഥാനപരമായ മാറ്റങ്ങൾ സംഭവിച്ചത്. സതി നിർത്തലാക്കിയ വർഷമാണ് (1829) ഇവിടെ ചാന്നാർ കലാപമുണ്ടായത് (1829) ഡോ. പൽപ്പു കേരളത്തിന് പുറത്ത് പോയി യൂറോപ്യൻ സമൂഹവുമായി ബന്ധപ്പെട്ടു ജീവിച്ച് പുതിയൊരു ലോകത്തെ പരിചയപ്പെട്ടു. ബാംഗ്ലൂരിലും കൽക്കത്തയിലും ചെന്ന് ജീവിച്ചതു കൊണ്ടു കൂടിയാണ് കുമാരനാശാന് നവോത്ഥാനത്തിന്റെ കവിയായിത്തീരാൻ കഴിഞ്ഞത്. കൽക്കത്താ നഗരം Port of Renaissance എന്നാണ് അറിയപ്പെട്ടിരുന്നത്. പാശ്ചാത്യ ആശയങ്ങളും അനുഭവങ്ങളും മുഖ്യമായും ആ തുറമുഖം വഴിയാണ് ഇവിടേക്ക് ഇറക്കുമതി ചെയ്യപ്പെട്ടത്. കൽക്കത്തയിൽ പോയി തിരിച്ചു വന്ന, സംസ്കൃതവും ഇംഗ്ലീഷും അറിയുന്ന, കുമാരനാശാനിൽ സമഗ്രമായ നവോത്ഥാന ചിന്തയുണ്ടായിരുന്നു.

1. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക.
2. ചാന്നാർ കലാപം നടന്ന വർഷം എഴുതുക.
3. കൽക്കത്താ നഗരം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?
4. ശ്രീനാരായണഗുരു അരുവിപ്പുറം പ്രതിഷ്ഠ നടത്തിയ വർഷം എഴുതുക.
5. കേരളത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ സംഭവിച്ചത് എപ്പോഴാണ് ?

(5 × 1 = 5 marks)

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക :

a നമ്മുടെ പത്രങ്ങൾ. b പരിസ്ഥിതി സരക്ഷണം.

(1 × 10 = 10 marks)

III. വായനയാണ് ലഹരി എന്ന വിഷയത്തെ ആസ്പദമാക്കി സുഹൃത്തിന് ഒരു കത്തെഴുതുക.

(1 × 10 = 10 marks)

## ബി വിഭാഗം

IV. പിരിച്ചെഴുതുക.

a പൊൽകുടം. b ചിലപ്പതികാരം.

c വിണ്ടലം d തീക്കനൽ.

e ഉൻമുഖം.

(5 × 1 = 5 marks)

V. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക.

a പതിനാല് – പതിന്നാല്.

b പ്രതിസന്ധി – പ്രതിസന്ധി.

c ഹൃസ്വം – ഹ്രസ്വം.

(3 × 1= 3 marks)

VI. വിപരീതപദമെഴുതുക.

a ലളിതം. b ആനന്ദം.

c മനോഹരം.

(3 × 1= 3 marks)

VII. പര്യായം എഴുതുക.

a ഭൂമി. b വീട്.

(2 × 2 = 4 marks)

VIII. ഒറ്റവാക്ക് എഴുതുക.

a സ്വയം സംബന്ധിച്ചത്.

b ഉപേക്ഷിക്കാൻ പറ്റാത്തത്.

(2 × 1 = 2 marks)

IX. നാനാർത്ഥം എഴുതുക.

a അരി. b അമൃതം.

(2 × 2 = 4 marks)

X. അർത്ഥവ്യത്യാസം എടുത്തെഴുതുക.

a ക്ഷണം – ക്ഷണനം.

b അപദം – അപഥം.

(2 × 2 = 4 marks)

## സി വിഭാഗം

ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക.

XI. a ചെറുകഥക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ? വിശദമാക്കുക.

b വള്ളത്തോളിന്റെ അച്ഛനും മകളും എന്ന കവിതയെ വിലയിരുത്തുക.

c സ്വന്തം ലേഖകൻ എന്ന നാടകത്തെ വിലയിരുത്തുക

d എസ്.കെ. പൊറ്റക്കാട്ടിന്റെ 'കാപ്പിരികളുടെ നാട്ടിൽ' എന്ന യാത്രാവിവരണകൃതിയെ പരിചയപ്പെടുത്തുക.

e പ്രേമസംഗീതത്തിലെ ചിന്തകൾ സംഗ്രഹിക്കുക.

f മനുഷ്യജീവിതത്തിന്റെ പ്രതീകാത്മകമായ അവതരണമാണ് 'വീണപൂവ്' എന്ന കാവ്യം–അഭിപ്രായം വിശദമാക്കുക.

g മനുഷ്യപുത്രി എന്ന കഥയുടെ സമകാലപ്രസക്തി ചർച്ച ചെയ്യുക.

h പിതാമഹൻ എന്ന നോവലിന്റെ പ്രമേയം വിശദമാക്കുക.

(5 × 5 = 25 marks)